പഴയങ്ങാടി സബ് ട്രഷറി നിർമ്മാണത്തിനുവേണ്ടി സ്ഥലം അനുവദിക്കാൻ നടപടി

54 [817] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പഴയങ്ങാടി സബ് ട്രഷറി നിർമ്മാണത്തിനുവേണ്ടി പഴയങ്ങാടി പോലീസ് സ്റ്റേഷന്റെ അധീനതയിലുള്ള ഒരേക്കർ 45 സെന്റ് സ്ഥലത്തിൽ നിന്നും 10 സെന്റ് സ്ഥലം അനുവദിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എം. എൽ. എ. നൽകിയ നിവേദനത്തിന്മേൽ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

ഉത്തരം

ഇക്കാര്യത്തിൽ പോലീസ് ഡയറക്ടർ ജനറലിന്റെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

പരോൾ അനുവദിക്കുന്നതിൽ ക്രമക്കേട്

55 [818] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, എം. വി. ജയരാജൻ:
,, കെ. രാധാകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലെ തടവുകാർക്ക് പരോൾ അനുവദിക്കുന്നതിനും, ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാരെ വിട്ടയയ്ക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) തടവുകാരെ വിട്ടയയ്ക്കുന്നത് സംബന്ധിച്ച റിവ്യൂ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) ശിക്ഷാ കാലാവധി കഴിഞ്ഞ എത്ര തടവുകാർ ഇപ്പോൾ വിവിധ ജയിലുകളിൽ ഉണ്ടെന്നറിയാമോ;

(ഡി) പരോൾ അനുവദിക്കുന്നതിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ചട്ടപ്രകാരം പരോൾ ലഭിക്കാൻ അർഹതയുള്ള തടവുകാർക്ക് കാലാകാലങ്ങളിൽ പരോൾ അനുവദിക്കാറുണ്ട്. ശിക്ഷാ കാലാവധി കഴിഞ്ഞ എല്ലാ തടവുകാരെയും യഥാവസരങ്ങളിൽ വിട്ടയയ്ക്കുന്നുണ്ട്.

(ബി) ഉണ്ട്. പ്രിസൺ റിവ്യൂ കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly